# SUMMATIVE ASSESSMENT – II

# MARCH – 2015

# GRADE – IX

**SUB : MALAYALAM** **Total Marks : 90**

**Time : 3hrs**

എ - വിഭാഗം

I. താഴേ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ചു തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

എന്തൊക്കെയാണ് നിരൂപകന്റെ മൂലധനം . സാഹിത്യത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചും സ്വന്തമായി ഒരു പക്ഷമുണ്ടായിരിക്കുകയാണ് ഒന്നാമത് വേണ്ടത് . കാലത്തിന്റെ ക്രൂരമായ പരീക്ഷണത്തെ അതിജീവിച്ചു വിശ്വസാഹിത്യത്തിലെ പ്രകാശ ഗോപുരങ്ങളായി നില്ക്കുന്ന കൃതികളുമായി ഗാഢമായ പരിചയം നേടിയിട്ടുള്ളവർക്ക് മാത്രമേ ഇങ്ങനെ ഒരു നിലപാട് സ്വീകരിക്കാൻ കഴിയുകയുള്ളൂ. മാറ്റമില്ലാത്ത മാനദണ്ഡങ്ങൾ നിരൂപകന് ഉണ്ടായിരിക്കണമെന്ന അർത്ഥത്തിലല്ല ഇങ്ങനെ പറയുന്നത്. അങ്ങനെയുള്ള പിഴക്കാത്ത മാനദണ്ഡങ്ങൾ പ്രയോഗക്ഷമമായി തയ്യാറാക്കി വയ്ക്കാൻ സാധ്യമല്ല .പ്രതിഭിന്നമായ സാഹിത്യ കൃതികളുടെ അപാരമായ പ്രപഞ്ചത്തിൽ കർക്കശമായ നിയമങ്ങൾക്ക് പ്രസക്തിയുമില്ല . എങ്കിലും ആ പരിചയം ഈടുറ്റ ഒരടിസ്ഥാനം നിരൂപകന് നൽകും . മനുഷ്യജീവിത മഹത്വത്തെക്കുറിച്ചുള്ള ഉദാരസങ്കല്പങ്ങൾ വിരിഞ്ഞു നില്ക്കുന്ന പുണ്യ ഭൂമികളാണ ല്ലോ ക്ലാസിക്കുകൾ. സാഹിത്യതെക്കുറിച്ചുള്ള വിവിധ സിദ്ധാന്തങ്ങളുമായി വിമർശകൻ പരിചയം നേടണം. നിരൂപണത്തിന്റെ വീഥിയിൽ കാലിടറാതിരിക്കാൻ ഇത് സഹായകമാണ്. മഹത്തായ സാഹിതിയുടെ മഹോന്നത രൂപങ്ങളുമായുള്ള നിത്യപരിചയത്തിൽ നിന്ന് ഊറിക്കൂടുന്ന സംസ്ക്കാരവും സാഹിത്യത്തിന്റെ മൗലീക പ്രമാണങ്ങളെ കുറിച്ചുള്ള പിഴക്കാത്ത കാഴ്ചയും കൂടിചേരുമ്പോഴേ ഉത്തമ നിരൂപണം ഉടലെടുക്കുകയുള്ളൂ . ആ പാകവിജ്ഞാനത്തിന്റെ വിജയമാണ് എലിയറ്റിന്റെയും കുട്ടികൃഷ്ണമാരാരുടെയും മറ്റും നിരൂപണങ്ങൾ.അത്തരം പ്രചോദിത നിരൂപണങ്ങൾ വായിക്കുമ്പോൾ ആസ്വാദകന്റെ ആസ്വാദനശേഷി അസാധാരണമാം വിധം വികസിക്കുകയും അനുഭൂതിമണ്ഡലം സമ്പന്നമായി തീരുകയും ചെയ്യും.

1. എന്താണ് ക്ലാസിക്കുകൾ ? 2
2 . ഒരു നിരൂപകന് ഒന്നാമതായി വേണ്ട മൂലധനം എന്ത്? 2
3 . ഉത്തമ നിരൂപണം ഉടലെടുക്കുന്നതെങ്ങനെ? 2
4 . കുട്ടികൃഷ്ണമാരാരുടെയും മറ്റും നിരൂപണങ്ങൾ പ്രചോദിത നിരൂപണങ്ങൾ എന്ന് പറയുന്നതെന്തു കൊണ്ട് ? 2
5 . ഈ ലേഖനത്തിന് ഉചിതമായ ശീർഷകം എഴുതുക ? 2

## ബി – വിഭാഗം

**II.** 1. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക. 7

a. വനവത്കരണം

b. വിദ്യാഭ്യാസത്തിൽ കായിക വിനോദങ്ങൾക്ക് ഉള്ള പ്രാധാന്യം .

c. ഗ്രന്ഥപാരായണം

2. നിങ്ങളുടെ വിദ്യാലയത്തിലെ സാഹിത്യ ക്ലബ് ഉദ്ഘാടനം ചെയ്യുന്നതിനായി വിദ്യാഭ്യാസമന്ത്രിയെ ക്ഷണിച്ചുകൊണ്ട് ഒരു കത്തെഴുതുക. 8

3. ഏതെങ്കിലും രണ്ടു ശൈലികൾ വാക്യത്തിൽ പ്രയോഗിക്കുക . 2

a. പൂച്ചുതെളിയുക

b. വളം വച്ചുകൊടുക്കുക

c. അങ്ങാടിപ്പാട്ട്.

d. നെല്ലിപ്പടി കാണുക

4. ആശയ വിപുലനം തയ്യാറാക്കുക (ഏ തെങ്കിലും ഒന്ന് ) 3

a. സ്വാതന്ത്ര്യം തന്നെ അമൃതം b. ചൊട്ടയിലെ ശീലം ചുടല വരെ

## സി - വിഭാഗം

**III.** 1. പ്രയോഗം മാറ്റുക . 2

a. ബഹുവിധ വർണ്ണങ്ങൾ പുരട്ടിയ ഭംഗിയുള്ള കോഴികുഞ്ഞുങ്ങളെ ഉമ്മ ആർത്തിയോടെ വാങ്ങും.

b. മാത്തുക്കുട്ടി കിട്ടിയ തുക ആരും കാണാതെ എണ്ണി നോക്കി .

2. മഹാവാക്യമാക്കുക . 1

a. കരിനാക്ക് നബീസ വന്നു.ഉമ്മ കോഴികുഞ്ഞുങ്ങളെ കൂട്ടിനകത്താക്കി .

3. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. 2

a. ഞാൻ സ്വന്തം സ്വകാര്യ ചിന്തയിലേക്ക് മടങ്ങുന്ന സമയമായിരുന്നു അത്.

b. കോഴി കൊക്കരയിട്ട ശ ബ്ദം കേട്ട് ഉറക്കത്തിലും ലോകകാര്യങ്ങളിലോ മുഴുകിയവർ തിരിഞ്ഞു നോക്കി .

4. വിഗ്രഹിച്ചു സമാസം എഴുതുക. 2

a. അസാധ്യം b. കോഴിക്കുഞ്ഞ് .

5 . താഴെ തന്നിരിക്കുന്നവയുടെ ശരിയായ ഉത്തരം ബ്രാക്കറ്റിൽ നിന്ന് എടുത്തെഴുതുക .

1. വിപരീതമെഴുതുക . 1

ഉത്തമം

(നല്ലത് ,അധമം,കഠിനം , ഉത്തരം )

2. പര്യായ പദങ്ങൾ എഴുതുക . 1

മേദിനി

(മേനി ,ഭൂമി, ശരീരം, ധര )

3. നാനാർഥമെഴുതുക . 1

കാലം

(സമയം ,സ്ഥലം ,അവസരം ,ദിവസം )

4. അർത്ഥവത്യാസം എഴുതുക . 1

അന്തി - അന്തം

(ആകാശം ,സന്ധ്യ , അവസാനം )

5. എതിർലിംഗം എഴുതുക . 1

ബാലൻ

(ബാലിക, ബാലി, ബാലിനി, ബാലകി )

**ഡി - വിഭാഗം**

**IV**. 1 - ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക . 6

1. ഉമ്മയുടെ വാത്സല്യത്തിന് മുമ്പിൽ അവൻ കീഴടങ്ങി .ആര് ?

(കരീം ,മകൻ ,കച്ചവടക്കാരൻ,ഗവേഷണ വിദ്യാർഥി )

2. ശൂരന്മാരായ വീരന്മാരിൽ നിന്നും അകന്നതെന്തു ?

((ക്രൂരഭാഷണം ,വന്മദം , വാശി ,കാരുണ്യം )

3. മണ്കലത്തിലെ ചോറ് തിന്നത് ഞാനോർക്കുന്നു ആര് ?

(വൈലോപ്പിള്ളി , ഉമ്മ, ബാലചന്ദ്രൻ ചുള്ളിക്കാട് ,മാത്തുകുട്ടി )

4. ഗുരു എന്തിനെതിരയാണ് ശബ്ദം ഉയർത്തിയത് ?

(ഉന്മാദം ,ആർഭാടം , ലാളിത്യം ,ഭ്രാന്തു )

5. കൊച്ചു കൊച്ചു മോഹങ്ങൾ എന്ന പാഠഭാഗം ഇതു വിഭാഗത്തിൽ പെടുന്നു ?

(നോവൽ , നിരൂപണം ,ചെറുകഥ ,കവിത )

6. ഉമ്മ ഓടി പോയി കോഴികുഞ്ഞുങ്ങളെ മുഴുവൻ കൂട്ടിനകത്താക്കും . എപ്പോൾ ?

(പാണ്ടികൾ മലയിറങ്ങി വരുമ്പോൾ, കുറുക്കൻറെ നിഴലനക്കം കണ്ടാൽ ,
കരിനാക്ക് നബീസ വരുമ്പോൾ , സന്ധ്യയായാൽ )

2. ഉത്തരമെഴുതുക .

a) 1. എന്ത് സന്ദേശം ആണ് മാത്തുക്കുട്ടി എന്ന കഥാപാത്രത്തിലൂടെ ഇന്നത്തെ തലമുറയ്ക്ക് ലഭിക്കുന്നത്? 4

2. ഉമ്മ അഭിമാനത്തോടെ കാണുന്ന സ്വപ്നമെന്ത് ? 4

3. ആദർശത്തിൻ റെയും ലാളിത്യത്തിന്റെയും ഊന്നുവടി കൊണ്ട് സാധാരണക്കാരൻറെ ഉയരം കൂട്ടണം . ആശയം വിശദമാക്കുക .? 4

4. മാത്തുക്കുട്ടിക്ക് പണം കയ്യിൽ വന്നതെങ്ങനെ ? 4

b) 1." ആര് പെറ്റതാണാവോ പാവമീചെറുക്കനെ ,ആരാകിലെന്ത് ? അ പെണ്ണിൻ ജാതകം മഹാകഷ്ടം ". ആരാണിങ്ങനെ ചോദിക്കുന്നത് ? എപോൾ ? ഏതു കവിതയിലെ വരികളാണ് ഇവ ? 4

2. മദ്യപിച്ച യാദവരുടെ സ്വഭാവത്തിൽ വന്ന മാറ്റം കവി എങ്ങിനെ വർണ്ണിച്ചിരിക്കുന്നു ? 4

3. കൂടൽമാണിക്യസദ്യയിലെ പുളിങ്കറി കെങ്കേമമാണെന്ന് വൈലോപ്പിള്ളി പറഞ്ഞപോൾ കവി എന്താണ് മറുപടി പറഞ്ഞത് ? 4

4. ഒരു വംശത്തിന്റെ നാശം മദ്യത്തിലൂടെ സംഭവിക്കുന്നതായാണ് ചെറുശ്ശേരി വർണ്ണിക്കുന്നത് . ഇന്നത്തെ സമൂഹത്തിലെ അവസ്ഥയുമായി അതിനെ താരതമ്യം ചെയ്യുക ? 4

3. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 10

1. തേജസ്വിയായ വാഗ്മിയായി വിവേകാന്ദൻ മാറിയതെങ്ങനെ ?

2. ഭാരതീയ സംസ്കാരത്തെ ലോകത്ത് എവിടെയും എത്തിക്കുക എന്ന ലക്ഷ്യത്തോടെ സ്വാമി നടത്തിയ പ്രവർത്തനങ്ങൾ വിവരിക്കുക ?

3. "ഒരു ചെറിയ ഉദാഹരണം കൊണ്ട് അങ്ങ് എന്നെ സത്യത്തിലേക്ക് നയിച്ചു ." ആൾവാറിലെ രാജാവ് പറഞ്ഞ ആ സംഭവം എന്തായിരുന്നു ?

---------ooo---------